**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 974** — **10-08-2023 - ൽ മറുപടിയ്ക്ക്**

**ആദിവാസി വിഭാഗങ്ങൾക്കെതിരെ കള്ളക്കേസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | 2016 ലെ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ, വനംവകുപ്പ് ഉദ്യോഗസ്ഥർ ആദിവാസി വിഭാഗത്തിൽപ്പെട്ടവരെ കള്ളക്കേസുകളിൽ കുടുക്കിയതുമായി ബന്ധപ്പെട്ട എത്ര കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ; | (എ) | 2 കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>1. മുത്തങ്ങ റെയിഞ്ചിലെ സെക്ഷൻ ഫോറസ്റ്റ് ആഫീസറായ ശ്രീ.സി.എസ്.വേണു തോട്ടാമൂല ഫോറസ്റ്റ് സ്റ്റേഷനിലെ ഒ.ആർ.05/21 നമ്പർ കേസിലെ പ്രതിയായ കുട്ടൻ എന്നയാളെ കൊണ്ട് ചന്ദനം മുറിച്ച് സുഭാഷ് കെ.സി എന്നയാൾ കൈവശം വെച്ച് ഉപയോഗിച്ചു വരുന്ന KL 3E 9829 നമ്പർ ജീപ്പിൽ കൊണ്ടുവെപ്പിച്ച് ടിയാനെ കള്ളക്കേസിൽ കുടുക്കുന്നതിന് ശ്രമിച്ചു എന്നതാണ് കേസ്.<br><br>2. 2022 വർഷത്തിൽ ഇടുക്കി വന്യജീവി സങ്കേതത്തിലെ കിഴുകാനം സെക്ഷനിൽ വന്യമൃഗത്തിന്റെ ഇറച്ചി വാഹനത്തിൽ കടത്താൻ ശ്രമിച്ചു എന്ന സംശയത്തിൽ ഒ.ആർ.01/2022 നമ്പരായി ഒരു കേസ് ആദിവാസി യുവാവിന് എതിരെ രജിസ്റ്റർ ചെയ്യുകയുണ്ടായി. ടി വാഹനത്തിൽ നിന്നും കണ്ടെടുത്ത ഇറച്ചി, ലാബ് പരിശോധനയിൽ വന്യമൃഗത്തിന്റെ ഇറച്ചിയല്ലെന്ന് കണ്ടെത്തിയതിനാൽ കട്ടപ്പന അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടറുടെ നിയമോപദേശത്തിന്റെയും ബഹു. കട്ടപ്പന ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി പുറപ്പെടുവിച്ച ഉത്തരവിന്റെയും അടിസ്ഥാനത്തിൽ ടി കേസ് വകുപ്പുതലത്തിൽ കോടതിയിൽ നിന്നും പിൻവലിച്ചിട്ടുള്ളതാണ്. |
| (ബി) | പ്രസ്തുത കേസുകളിൽ ഉൾപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? ; | (ബി) | വയനാട് വൈൽഡ് ലൈഫ് ഡിവിഷനിലെ മുത്തങ്ങ റെയിഞ്ചിൽ ആദിവാസി വിഭാഗത്തിൽപ്പെട്ടയാളെ കള്ളക്കേസിൽ ഉൾപ്പെടുത്തിയ സംഭവത്തിൽ കുറ്റാരോപിതനായ സെക്ഷൻ ഫോറസ്റ്റ് ആഫീസർ ശ്രീ.സി.എസ്.വേണുവിനെ 06.11.2021-ൽ സേവനത്തിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുള്ളതും അച്ചടക്കനടപടിയുടെ ഭാഗമായി ടിയാന്റെ രണ്ടു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫല |

| | | | |
|---|---|---|---|
| | | | **പ്രാബല്യത്തോടെ തടയുക എന്ന ശിക്ഷ നൽകുന്നതിലേക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകി നടപടി തുടർന്നു വരുന്നു. കൂടാതെ മുത്തങ്ങ റെയിഞ്ചിൽ ബുക്ക ചെയ്ത ഒ.ആർ.05/2021 നമ്പർ കേസിൽ ടിയാനെ പ്രതിചേർത്തിട്ടുള്ളതും കോടതിയിൽ വിചാരണ ചെയ്യ്ുന്നതിലേയ്ക്ക് പ്രോസികൃൂഷൻ അനുമതി നൽകിയിട്ടുള്ളതുമാണ്.**<br><br>**2022 വർഷത്തിൽ ഇടുക്കി വന്യജീവി സങ്കേതത്തിലെ കിഴുകാനം സെക്ഷനിൽ വന്യമൃഗത്തിന്റെ ഇറച്ചി വാഹനത്തിൽ കടത്താൻ ശ്രമിച്ചു എന്ന സംശയത്തിൽ ഒ.ആർ.01/2022 നമ്പരായി രജിസ്റ്റർ ചെയ്ത കേസിൽ ആരോപണ വിധേയരായ 9 ജീവനക്കാരെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും തുടർന്ന് ടിയാന്മാർക്കെതിരെ കേരളാ സിവിൽ സർവ്വീസസ് (തരം തിരിക്കലും, നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ 1960 പ്രകാരമുള്ള വകുപ്പുതല അച്ചടക്കനടപടികൾ തുടർന്നു വരികയുമാണ്.** |
| (സി) | ആദിവാസി ജനവിഭാഗങ്ങളെ ദ്രോഹിക്കുന്നതിനായി വനം വകുപ്പ് ഉദ്യോഗസ്ഥർ അധികാര ദുർവിനിയോഗം നടത്തുന്നത് തടയുന്നതിന് കർശന നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (സി) | **ആദിവാസി ജനവിഭാഗങ്ങളെ ദ്രോഹിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ 1960-ലെ കേരളാ സിവിൽ സർവ്വീസസ് (തരം തിരിക്കലും, നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ പ്രകാരം കഠിനശിക്ഷ ഉൾപ്പെടെയുള്ള ശിക്ഷകൾ ചുമത്തുന്നതിലേക്ക് വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്.** |

സെക്ഷൻ ഓഫീസർ